പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4159 — 21.07.2015-ൽ മറുപടിക്ക്

## നഗര വികസനത്തിന് പൊതുസ്വകാര്യപങ്കാളിത്തത്തോടെയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പാലോട് രവി<br>" വർക്കല കഹാർ<br>" വി.ഡി.സതീശൻ<br>" ജോസഫ് വാഴയ്ക്കൻ | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നഗര വികസനത്തെ സംബന്ധിച്ച് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട് ; | (എ) നഗരസഭകളിൽ പൊതു സ്വകാര്യപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പാർട്ണർ കേരള മിഷൻ രൂപീകരിച്ചു. ഇക്കാര്യത്തിൽ സ്വീകരിച്ച മറ്റു നടപടികൾ ചുവടെ ചേർക്കുന്നു.<br>1. മെസേഴ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.<br>2. പാർട്ട്ണർ കേരളമിഷനും പ്രദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്ന പ്രദേശത്തെ സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.<br>3. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.<br>4. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തികം ഉറപ്പ് വരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടന്നു കഴിഞ്ഞിട്ടുണ്ട്.<br>5. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആവശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്. |

6. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാദ്ധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്ക് ഷോപ്പുകൾ നടത്തിയിട്ടുണ്ട്.
7. പൊതുപങ്കാളിത്ത സ്വകാര്യ പദ്ധതികളെ സംബന്ധിച്ച് സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 7 ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

| | | | |
|---|---|---|---|
| (ബി) | ഇതിനായി നഗരസഭകളും വികസന അതോറിറ്റികളും പാർട്ട്ണർ കേരള മിഷനുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഇതു സംബന്ധിച്ച് എത്ര കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (സി) | 20 കരാറുകൾ ഒപ്പുവച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | നഗരവകുപ്പ് തയ്യാറാക്കിയ പദ്ധതികൾ പ്രായോഗിക ഘട്ടത്തിലെത്തിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | സ്വീകരിച്ച നടപടിയുടെ വിശദാംശം (എ) പിരിവിനുള്ള മറുപടിയായി നൽകിയിട്ടുണ്ട്. |

Manjul

സെക്ഷൻ ഓഫീസർ

# ANNEXURE

| Sl. No. | LIST OF LOCAL GOVERNMENTS WITH WHOM PARTNER KERALA MISSION SIGNED AGREEMENT |
|---|---|
| 1 | Kollam Development Authority |
| 2 | Kollam Corporation |
| 3 | Kochi Corporation |
| 4 | Thrissur Corporation |
| 5 | Kozhikode Corporation |
| 6 | Adoor Municipality |
| 7 | Pathanamthitta Municipality |
| 8 | Kottayam Municipality |
| 9 | Maradu Municipality |
| 10 | Perumbavur Municipality |
| 11 | Kunnamkulam Municipality |
| 12 | Ottappalam Municipality |
| 13 | Palakkad Municipality |
| 14 | Manjeri Municipality |
| 15 | Tirur Municipality |
| 16 | Kalpetta Municipality |
| 17 | Kannur Municipality |
| 18 | Vaikom Municipality |
| 19 | Nilambur Municipality |
| 20 | Malappuram Municipality |

സെക്ഷൻ ഓഫീസർ